കേരള സർക്കാർ

# ഹരിതകേരളം മിഷൻ

## വെള്ളം വൃത്തി വിളവ്

 റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ,
പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, E-mail : haritham@kerala.gov.in
www.haritham.kerala.gov.in
https://www.facebook.com/harithakeralamission/

ഹരിതകേരളം മിഷൻ

കേരള സർക്കാർ

# ഹരിതകേരളം മിഷൻ

ഹരിതകേരളം മിഷൻ
(മലയാളം)

ഏപ്രിൽ 2018

കോപ്പി : 25000

ഹരിതകേരളം മിഷൻ
റ്റി.സി.2/3271(3)(4)
ഹരിതം
കുട്ടനാട് ലെയിൻ
പട്ടം പാലസ് പി.ഒ
തിരുവനന്തപുരം 695004
ഫോൺ : 0471 2449939
ഇ-മെയിൽ : haritham@kerala.gov.in

സൗജന്യവിതരണത്തിന്

# ആമുഖം

കേരളത്തിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഹരിതസമൃദ്ധി വീണ്ടെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനുള്ള പരിഹാരമാർഗ്ഗമായാണ് സംസ്ഥാന സർക്കാർ ഹരിതകേരളം മിഷനെ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിന്റെ സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് ഗവൺമെന്റ് പ്രഖ്യാപിച്ച നാലു മിഷനുകളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ മൂന്ന് മേഖലകളിൽ യഥാക്രമം തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മൂന്ന് ഉപമിഷനുകൾ ഹരിതകേരളം മിഷനിലുണ്ട്. ഹരിതകേരളം മിഷന്റെ പ്രസക്തിയും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച ഹ്രസ്വവിവരണമാണ് ഈ ലഘു പുസ്തകത്തിന്റെ ഉള്ളടക്കം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ സാമൂഹ്യ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ ജനവിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനാണ് ഹരിതകേരളം മിഷൻ ശ്രമിക്കുന്നത്. വെള്ളം, വൃത്തി, വിളവ് എന്നീ മൂന്ന് ആശയങ്ങളെ മുൻനിർത്തിയുള്ള ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ, മിഷന്റെ സംഘടനാ സംവിധാനം എന്നിവ പരിചയപ്പെടുത്തുന്നതിന് ഈ പുസ്തകം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ

# ഉള്ളടക്കം


എന്താണ് ഹരിതകേരളം മിഷൻ?............. 5-8

ഹരിതകേരളം മിഷൻ എന്തിന്.................. 9-17

പ്രവർത്തനരീതി............................................ 18-21

ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും...............22-29

ഘടനയും ഉത്തരവാദിത്തങ്ങളും..............30-41

ഹരിതകേരളം മിഷൻ
നാളിതുവരെ...................................................42-45

ഹരിതകേരളം മിഷൻ
പ്രസിദ്ധീകരണങ്ങൾ.....................................46

പ്രധാന ടെലിഫോൺ നമ്പരുകൾ.............47-48

# എന്താണ് ഹരിതകേരളം മിഷൻ ?

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നാടാണ് കേരളം എന്നത് ഏതു മലയാളിയും അഭിമാനത്തോടെ പറയുന്ന മേന്മയാണ്. എന്നാൽ സംസ്ഥാനം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുകയാണ് എന്ന വാസ്തവവും ഇന്ന് ചർച്ച ചെയ്യപ്പെടുന്നുണ്ട്. പ്രകൃതി കനിഞ്ഞു നൽകിയ സമ്പത്ത് നമുക്കുണ്ട്. രാജ്യത്ത് തന്നെ അഭിമാനിക്കാവുന്ന തരത്തിൽ അതിജീവന ശേഷിയും ഗുണമേന്മയുമുള്ള മനുഷ്യ സമ്പത്തുണ്ട്. എന്നാൽ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ജീവിത ശൈലിയും വർധിക്കുന്ന ഉപഭോഗ ആവശ്യങ്ങളും പ്രകൃതിയുടെയും മനുഷ്യ ജീവിതത്തിന്റെയും സമനില തെറ്റിക്കുന്നു. ഇതിൽ നിന്നും പുറത്ത് കടന്നില്ലെങ്കിൽ ശ്വാസം മുട്ടിക്കുന്ന തരത്തിലുള്ള വായു മലിനീകരണവും ഖരജല മലിനീകരണം കൊണ്ട് വ്യാപിക്കുന്ന പകർച്ച വ്യാധികളും കേരളത്തെ കീഴടക്കുന്ന കാലം വരും. അവശേഷിക്കുന്ന പച്ചപ്പിന്റെ ഉറപ്പിൽ കാലാവസ്ഥാ വ്യതിയാനം പോലെയുള്ള ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളെ നേരിടാനാവില്ല. കാർഷിക സംസ്കൃതിയുടെയും ഗതകാല സമൃദ്ധിയുടെയും സ്മരണയിൽ മാത്രം ഒരു ജനതയ്ക്ക് മുന്നോട്ടു പോകാനാകില്ല. നേടിയ നേട്ടങ്ങൾ നിലനിർത്താനും പുതിയ കാലത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാനും കഴിയുകയെന്ന ഉത്തരവാദിത്വം സമൂഹം ഏറ്റെടുക്കണം.

അതുകൊണ്ടാണ് നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെയും വായുവിന്റെയും ശുദ്ധിയും വീണ്ടെടുക്കാൻ ഒരു ജനകീയ യജ്ഞം



തന്നെ വേണമെന്ന് ഈ സർക്കാർ തീരുമാനിച്ചത്. അത്തരത്തിൽ, വരും തലമുറകൾക്ക് ഈ നാടിനെ അതിന്റെ എല്ലാ നന്മകളോടെയും കൈമാറണമെന്ന ബോധ്യത്തിൽ നിന്നാണ് ഹരിത കേരളം മിഷൻ രൂപം കൊണ്ടത്.

കേരളത്തിലെ നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിനായി വൈവിധ്യ പൂർണ്ണമായ പരീക്ഷണങ്ങൾ നടത്തുന്നുണ്ട്; അവയിൽ ചിലതെല്ലാം വിജയകരമാണെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു. കാർഷിക മേഖലയിലും കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചു കൂടുതൽ പേർ, വിശേഷിച്ചു അഭ്യസ്തവിദ്യരായ ചെറുപ്പക്കാരും സ്ത്രീകളുമടക്കം നിരവധിയാളുകൾ ജൈവ കൃഷിയും മൃഗപരിപാലനവും ഉപജീവന മാർഗമായി തന്നെ തെരഞ്ഞെടുത്തിരിക്കുന്നു. ജല മലിനീകരണവും വന നശീകരണവും വലിയ വെല്ലുവിളികളാണെന്ന തിരിച്ചറിവിലേക്ക് നമ്മുടെ സമൂഹം നീങ്ങുന്നുണ്ട്. ഈ നല്ല അനുഭവങ്ങളിൽ നിന്നെല്ലാം ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യിൽ സാമൂഹ്യ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ ജനവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെ നടപ്പാക്കേണ്ട പദ്ധതി എന്ന നിലയിലാണ് ഹരിതകേരളം മിഷനെ സർക്കാർ വിഭാവനം ചെയ്യുന്നത്. സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും സാമൂഹ്യ സംഘടനകളും ജനകീയ കൂട്ടായ്മകളും മറ്റു സ്ഥാപനങ്ങളും തുടങ്ങി

കേരളത്തിലെ ഓരോ കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വരെ എത്തുന്ന പ്രചാരണപ്രായോഗിക പ്രവർത്തനങ്ങളുടെ വിപുലമായ ശൃംഖല ഇതിനു വേണ്ടി സൃഷ്ടിക്കേണ്ടതുണ്ട്.

മാലിന്യ നിർമ്മാർജ്ജനം, ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, കൃഷി വികസനം, വന സംരക്ഷണം, ഹരിത ഊർജ്ജ വികസനം തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തന പദ്ധതിയായിട്ടാണ് ഹരിത കേരളം പദ്ധ തിയെ സങ്കൽപ്പിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണം സാധ്യമാക്കുക, ജൈവകൃഷിയും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും വ്യാപിപ്പിക്കുക, കേരളത്തെ കീടനാശിനി വിമുക്തമാക്കുക, കേരളത്തിന്റെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന വനസമ്പത്തും ജലസമ്പത്തും സംരക്ഷിക്കുവാനും വ്യാപ്തി വർദ്ധിപ്പിക്കുവാനും കഴിയുക തുടങ്ങിയവയെല്ലാം ഇന്നത്തെ കേരള സമൂഹത്തിന്റെ അടിയന്തിര ആവശ്യങ്ങളാണ്. ഈ മേഖലകളിൽ ഇന്ന് കേരളം നേരിടുന്ന ഗൗരവമുള്ള ചില വികസന പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട്, വകുപ്പുകളുടെയും പ്രാദേശിക ഭരണകൂടങ്ങളുടെയും നേതൃത്വത്തിൽ, ജനങ്ങളുടെ പങ്കാളിത്തത്തോടെ നയപരവും ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാരം കാണുന്ന തിനായിട്ടാണ് ഇത്തരമൊരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരി ക്കുന്നത്. വികസന പ്രശ്നങ്ങളിൽ ഓരോ പ്രദേശത്തിനും ഉചിതമായ ഇടപെടൽ രീതികൾ വികസിപ്പിക്കുവാനും നടപ്പിലാക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുന്ന സംവി



ധാനമായിട്ടായിരിക്കും ഹരിത കേരളം മിഷൻ പ്രവർത്തിക്കുക.

സംസ്ഥാനതലം മുതൽ ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും മിഷനുകൾ രൂപീകരിച്ചുകൊണ്ട്, വകുപ്പുകളുടെയും വിദഗ്ദ്ധരുടെയും പിന്തുണ ഉറപ്പാക്കിക്കൊണ്ടാകും ഈ പദ്ധതി നടപ്പാക്കുക. ഹരിത കേരളം സാധ്യമാവുക എന്ന ലക്ഷ്യം നേടുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും സാങ്കേതിക പിന്തുണയും ഉറപ്പ് വരുത്തിക്കൊണ്ട്, വകുപ്പുകൾ തമ്മിലും വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിലും കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവും സാധ്യമാക്കുക എന്നതായിരിക്കും മിഷന്റെ മുഖ്യ ചുമതല. പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകിക്കൊണ്ട് ശുചിത്വ മേഖലയിലും ജല സംരക്ഷണകൃഷി വികസന മേഖലകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾക്ക് ഏറ്റവും അനുയോജ്യവും കാര്യക്ഷമവുമായ സാങ്കേതിക പിന്തുണ ലഭ്യമാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിൽ മിഷൻ ഊന്നൽ നൽകും.

# ഹരിത കേരളം മിഷൻ എന്തിന് ?

മാലിന്യസംസ്കരണം, ജൈവകൃഷിയും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും വ്യാപിപ്പിക്കുക, കേരളത്തെ കീടനാശിനി വിമുക്തമാക്കുക, കേരളത്തിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വനസമ്പത്തും ജലസമ്പത്തും സംരക്ഷിക്കുവാനും വ്യാപ്തി വർദ്ധിപ്പിക്കുവാനും കഴിയുക തുടങ്ങിയവയെല്ലാം ഇന്നത്തെ കേരള സമൂഹത്തിന്റെ അടിയന്തിര ആവശ്യങ്ങളാണ്. ഇവ മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കുവാനും ഓരോ പ്രദേശത്തിനും ഉചിതമായ ഇടപെടൽ രീതികൾ വികസിപ്പിക്കുവാനും ആവശ്യമായ പിന്തുണ നൽകുന്ന ഒരു പിന്തുണാ സംവിധാനമായിട്ടായിരിക്കും ഹരിത കേരളം മിഷൻ പ്രവർത്തിക്കുക.

ഇന്ന് ഒട്ടേറെ സാങ്കേതിക സൗകര്യങ്ങൾ ദൈനംദിന ജീവിതത്തിൽ കേരളീയർ അനുഭവിക്കുന്നുണ്ട്. ജീവിതം സുഗമവും ആസ്വാദ്യകരവും ആക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാൻ നമ്മൾ നല്ല താല്പര്യം കാണിക്കാറുണ്ട്. എന്നാൽ നമ്മുടെ ജീവിത ചുറ്റുപാടുകളിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ ആരോഗ്യകരമായ രീതിയിൽ സംസ്കരിക്കപ്പെടേണ്ടതുണ്ട് എന്ന ബോധ്യം സമൂഹത്തിനാകെ ഉണ്ടാകുന്നില്ല. തീർച്ചയായും അമിത വേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന നഗരവത്കരണത്തിന്റെ കൂടി സൃഷ്ടിയാണ് ഗുരുതരമായ മലിനീകരണം. കേരളത്തിൽ നഗരങ്ങളായി സെൻസസ് കണക്കാക്കുന്ന പ്രദേശങ്ങളെടുത്താൽ മൊത്തം ഭൂവിസ്തൃതിയുടെ 16% മാത്രമേയുള്ളൂ. എന്നാൽ ജനങ്ങളുടെ 50 ശതമാനവും ജീവിക്കുന്നത് ഈ നഗര പ്രദേശങ്ങളിലാണ്. വ്യവസായവ്യാപാര



പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയാണ് ഇവിടങ്ങൾ എന്നതിനാൽ പ്ലാസ്റ്റിക്, ഇ-മാലിന്യം, നിർമ്മാണ അവശിഷ്ടങ്ങൾ തുടങ്ങി സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള മാലിന്യങ്ങളുടെ കൂനകൾ നഗരകേന്ദ്രങ്ങളിൽ അടക്കം കാണാം. ജൈവവും അജൈവവുമായ മാലിന്യവും അപകടകാരിയായ മാലിന്യവും കൈകാര്യം ചെയ്യാനുള്ള ശാസ്ത്രീയമായ രീതികൾ നഗരങ്ങളിലും ഗ്രാമങ്ങളിലും ഉണ്ടെങ്കിൽ മാത്രമേ മലിനീകരണത്തിന്റെ വെല്ലുവിളിയെ നേരിടാനാകൂ. എല്ലാ വീടുകൾക്കും സ്വന്തമായി കക്കൂസ് ഉറപ്പാക്കുക എന്ന കാര്യത്തിൽ പൂർണ്ണ ലക്ഷ്യം നാം നേടിക്കഴിഞ്ഞു. വർദ്ധിച്ച ജനസാന്ദ്രതയുടെ പശ്ചാത്തലത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള നിരവധിയായ കുഴിക്കക്കൂസുകൾ വലിയ തോതിൽ നമ്മുടെ ഭൂഗർഭ ജല സ്രോതസ്സുകളെ മലിനമാക്കുന്നു എന്ന അപകടമാണ് ഇപ്പോൾ നേരിടുന്നത്. ഇത് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട പാരിസ്ഥിക പ്രശ്നമായി മാറുകയാണ്. സെപ്റ്റിക് ടാങ്കുകളിലേക്ക് മാറിക്കൊണ്ടും, പുതു സാങ്കേതികരീതികൾ തേടികൊണ്ടും സെപ്റ്റിക് ട്രീറ്റ്മെന്റ് ഉറപ്പാക്കിയും ഈ പ്രശ്നത്തെ നേരിടേണ്ടതുണ്ട്. കുടിവെള്ളത്തിനായി ആശ്രയിക്കുന്ന ജലാശയങ്ങളിൽ അടക്കം വലിയ തോതിൽ കാണുന്ന ഇ-കൊളി ബാക്ടീരിയയുടെ സാന്നിദ്ധ്യം പരിഹരിക്കുന്നതിന് പ്രാദേശികമായും കേന്ദ്രീകൃതമായും ഉള്ള ഇടപെടലുകൾ ആവശ്യമാണ്. ഈ പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം മാത്രം പോരാ, ദ്രവ മലിനീകരണത്തിന്റെ അടിയന്തിര പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മൂർത്തമായ പരിഹാര മാർഗ്ഗങ്ങളിലേക്ക് നീങ്ങണം.

കേരളത്തിൽ മുൻകാലങ്ങളിൽ ആരംഭിച്ച കേന്ദ്രീകൃതമായ ജൈവ മാലിന്യ സംസ്കരണ രീതികളിൽ നിന്ന് മാലിന്യമുക്ത കേരളം പദ്ധതിയിലൂടെ ഉറവിട മാലിന്യ സംസ്കരണത്തിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറണമെന്ന കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്. ഇതിനാവശ്യമായ പിന്തുണ ശുചിത്വ മിഷന്റെ ഭാഗത്ത് നിന്ന് ഉണ്ടായി. എന്നാൽ ഉദ്ദേശിച്ച തരത്തിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ഒരു ജനകീയ പ്രസ്ഥാനമാക്കി മാലിന്യമുക്ത പരിപാടിയെ മാറ്റാൻ കഴിഞ്ഞില്ല. അതുകൊണ്ട് തന്നെ കേന്ദ്രീകരിച്ച മാലിന്യ സംസ്കരണ പദ്ധതികൾ തുടർന്നു; ഒപ്പം ഇതിനെതിരായ ജനകീയ സമരങ്ങളുടെ വേലിയേറ്റങ്ങൾക്കും നാട് സാക്ഷിയായി. ഉത്പാദിപ്പിക്കുന്ന മാലിന്യം മുഴുവൻ സംസ്കരിക്കുക എന്നതിനപ്പുറം, ഉത്പാദിപ്പിക്കുന്ന മാലിന്യ ങ്ങളുടെ അളവ് കുറയ്ക്കുക (reduce), സാദ്ധ്യമായവ പുനരുപയോഗിക്കുക (reuse), പുന:ചംക്രമണം നടത്താൻ പറ്റുന്നവ ആ രീതിയിൽ ഉപയോഗപ്പെടുത്തുക (recycle) എന്ന സമീപനം ജീവിത ശൈലിയുടെ ഭാഗമാക്കി മാറ്റണം. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിജയിക്കാൻ ഏറ്റവും പ്രധാനം ജനങ്ങളുടെ പങ്കാളിത്തമാണ്. അതോടൊപ്പം നമ്മുടെ ജീവിതശൈലി മാറ്റവും പ്രധാനമാണ്. കേരളത്തിൽ, വിശേഷിച്ചു നഗരങ്ങളിൽ, നിത്യജീവിതത്തെപ്പോലും ദുരിതത്തിൽ ആഴ്ത്തുന്ന മാലിന്യ പ്രതിസന്ധിക്കെതിരെ എല്ലാ ജനങ്ങളെയും അണിനിരത്തിക്കൊണ്ടുള്ള ജനകീയ യജ്ഞത്തിനാണ് രൂപം നൽകേണ്ടത്.

കേരളത്തിൽ നിരവധി തദ്ദേശഭരണ സ്ഥാപനങ്ങളും സംഘടനകളും ഈ മേഖലകളിലെല്ലാം വൈവിധ്യമാർന്ന പരീക്ഷണങ്ങൾ നടത്തുന്നുണ്ട്. ഈ നല്ല അനുഭവങ്ങളിൽ നിന്നെല്ലാം ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകയ്യിൽ സാമൂഹ്യ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ ജനവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെ വൃത്തിയുള്ള നാടാക്കി കേരളത്തെ മാറ്റണം എന്നാണു സർക്കാർ ആഗ്രഹിക്കുന്നത്. എന്നാൽ മാലിന്യസംസ്കരണവും മാലിന്യ പരിപാലനവും പ്രാദേശികമായ സവിശേഷതകൾ ശാസ്ത്രീയമായി പഠിച്ചുകൊണ്ട്, ഓരോ പ്രദേശത്തിനും ഓരോ തരം പ്രശ്നങ്ങൾക്കും അനുഗുണമായ സാങ്കേതിക വിദ്യയുടെ ഉചിതവും കാര്യക്ഷമവുമായ ഉപയോഗത്തിലൂടെ മാത്രം നടപ്പിലാക്കാൻ കഴിയുന്നതാണ്. ഈ കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ട് പൂർണ ജനപങ്കാളിത്തവും പിന്തുണയും ഉറപ്പാക്കാൻ കഴിയണം. ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്,

ഇ-വേസ്റ്റ്, മറ്റു അപകടകരമായ മാലിന്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങളും വിവിധ തലങ്ങളിൽ ആസൂത്രണം ചെയ്യാനാകണം. ഇത്തരത്തിൽ കാര്യക്ഷമവും സ്ഥായിയും ആയ മാലിന്യ പരിപാലന സംവിധാനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ത്രിതല പഞ്ചായത്തുകളെയും നഗരസഭകളെയും സജ്ജമാക്കുക, ഇത്തരം പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുക എന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഹരിത കേരളം മിഷന് സാധിക്കും.

വ്യക്തി ശുചിത്വത്തെ കുറിച്ചു സ്വയം ഒരുപാട് അഭിമാനിക്കുന്നവരാണ് കേരളീയർ. ഈ നല്ല ശീലം നമുക്ക് നൽകിയത് ജല സമൃദ്ധിയാൽ കേരളത്തെ അനുഗ്രഹിച്ച പ്രകൃതിയാണ്. കാർഷിക സംസ്കൃതി രൂപം കൊണ്ടതും ജലത്തിന്റെ കനിവിൽ നിന്ന് തന്നെയാണ്. നാല് ഇടത്തരം നദികളും 40 ചെറു നദികളും അവയുടെ കൈവഴികളും നീർച്ചാലുകളും ഒക്കെ ചേരുന്ന നാടിനെ ജല സമൃദ്ധമാക്കാൻ പര്യാപ്തമായ ജലസ്രോതസ്സുകൾ നമുക്കുണ്ട്. ഇതോടൊപ്പം 53 റിസർവോയറുകൾ, 150 ഓളം വലിയ തടയണകൾ, 236 നീരുറവകൾ, അമ്പതിനായിരത്തിലധികം കുളങ്ങൾ, 50 ലക്ഷത്തിലധികം കിണറുകൾ, ആയിരത്തോളം തുരംഗങ്ങൾ, 9 ശുദ്ധജല തടാകങ്ങൾ കൂടിചേരുമ്പോൾ കുടിവെള്ളത്തിനോ ജലസേചനത്തിനോ ബുദ്ധിമുട്ട് വരേണ്ടതില്ലാത്ത അവസ്ഥ ഉണ്ടാകേണ്ടതാണ്. എന്നാൽ ജലസ്രോതസുകളുടെ വർദ്ധിച്ച മലിനീകരണവും ജലസ്രോതസുകൾ നികത്തപ്പെടുന്നതും കുറയുന്ന മഴയും പെയ്തൊഴിയും മുൻപേ കടലിൽ ഒഴുകിചേരുന്ന മഴവെള്ളവും നദികളിലെ മണൽ വാരലും എല്ലാം ചേർന്നു ഭീതിദമായ അവസ്ഥയാണ് ഇന്ന് കേരളത്തിന്റെ ജല മേഖലയിൽ കാണുന്നത്. ഉപരിതലജലവും ഭൂഗർഭജലവും ഒരുപോലെ മലിനീകരണത്തിനു വിധേയമാകുന്ന സ്ഥിതിയാണുള്ളത്. ജല ഉപയോഗത്തിലുണ്ടായിട്ടുള്ള വർധനവ്, അമിതമായ ജലചൂഷണം, വന നശീകരണം, അശാസ്ത്രീയമായ ഭൂവിനിയോഗം, ജലസ്രോതസുക്കളിലെ മാലിന്യ നിക്ഷേപം, നദികളിൽ നടക്കുന്ന വൻതോതിലുള്ള മണലെടുപ്പ് എന്നിങ്ങനെ നിരവധി കാരണങ്ങൾ ജലസ്രോതസുകളുടെ വമ്പിച്ച നാശത്തിനു വഴിയൊരുക്കുന്നു. ജല സ്രോതസുകളുടെ ആശ്രയം മഴയാണ്. എന്നാൽ കാലാവസ്ഥ കീഴ്മേൽ മറിയുന്ന സ്ഥിതിയാണുള്ളത്. ഈ വർഷം കാലവർഷവും തുലാവർഷവും കുറവാണ് ലഭിച്ചത് എന്നത് വരാനിരിക്കുന്ന കൊടുംവേനലിന്റെ കാഠിന്യത്തെ ഓർമ്മി

പ്പിക്കുന്നു. പെയ്യുന്ന മഴയുടെ ഓരോ തുള്ളിയും സംരക്ഷിച്ചാൽ മാത്രമേ വരൾച്ചയുടെ നാളുകളെ നമുക്ക് നേരിടാനാകൂ. ബന്ധപ്പെട്ട വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പിന്തുണ യോടെ ജലസ്രോതസുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ജലസ്രോതസുകളുടെ പരിപാലനവും മഴവെള്ള സംഭരണം, വെള്ളത്തിന്റെ പുനരുപയോഗം, ഉപയോഗിച്ച വെള്ളത്തിന്റെ പുന:ചംക്രമണം തുടങ്ങിയ ബദൽ മാർഗങ്ങൾ സംസ്ഥാനമാകെ നടപ്പാക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നീർത്തടാധിഷ്ഠിത പദ്ധതികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൃഷിയും ജലസംരക്ഷണവും തമ്മിലുള്ള ഏകോ പിതമായ ആസൂത്രണനിർവഹണം അനുയോജ്യമായ പ്രദേശങ്ങളിൽ ഉറപ്പാക്കുക എന്നത് പ്രധാനമാണ്.

2030 ആകുമ്പോഴേക്കും ഇപ്പോഴുള്ളതിനേക്കാൾ 64 ശതമാനം അധികം ജലം കേരളത്തിനു വേണ്ടി വരും! കുടിവെള്ളത്തിന് 29 ശത മാനത്തിന്റെയും ജലസേചനത്തിൽ 81 ശതമാനത്തിന്റെയും അധിക ജലത്തിന്റെ ആവശ്യമാണ് മൂന്നു ദശകം കഴിയുമ്പോൾ നമ്മൾ നേരി ടാൻ പോകുന്നത്. ഇന്നത്തെ നിലയിൽ എങ്ങനെയാണ് ഈ വെല്ലു വിളിയെ നേരിടുക! അടിയന്തിരമായി തന്നെ ജലസ്രോതസ്സുകളുടെ





സംരക്ഷണവും മഴവെള്ള സംഭരണവും പോലുള്ള പ്രവർത്തനങ്ങളും വ്യാപിപ്പിക്കേണ്ടതുണ്ട് എന്നാണു സ്ഥിതിഗതികൾ സൂചിപ്പിക്കുന്നത്. നദികളുടെയും കനാലുകളുടെയും കുളങ്ങളുടെയും മലിനീകരണം, ഉപയോഗ യോഗ്യമായ ജലത്തിന്റെ ലഭ്യതയെ വലിയ തോതിൽ കുറച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഒരു പ്രധാന ഊന്നൽ കേരളത്തിലെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ടും ജലത്തിന്റെ ദുരുപയോഗം തടഞ്ഞു കൊണ്ടും മഴവെള്ള സംഭരണം പോലെയുള്ള ജലസംഭരണ മാർഗ്ഗങ്ങൾ വ്യാപിപ്പിച്ചുകൊണ്ട് ഭാവിയിൽ നാട് നേരിടാൻ പോകുന്ന ജല ദൗർലഭ്യത്തെ എങ്ങനെ നേരിടാം എന്നതിലായിരിക്കും.

കൃഷിക്ക് അനുയോജ്യമാണ് കേരളത്തിന്റെ കാലാവസ്ഥ എന്നതു അഭിമാനത്തോടെ നമ്മൾ പറയാറുണ്ട്. പക്ഷെ, കാർഷിക സംസ്കാരത്തിൽ നിന്നും പല കാരണങ്ങളാലും കേരള സമൂഹം അകന്നു പോയിരിക്കുന്നു. കൃഷിയിൽ കേരളത്തിന് സംഭവിച്ച പിന്നോട്ട് പോക്കിന് ചരിത്രപരവും സാമൂഹ്യവുമായ നിരവധി കാരണങ്ങൾ ഉണ്ട്. നെല്ലും കപ്പയും പച്ചക്കറികളും സമൃദ്ധമായി വിളയിച്ച നാട്ടിൽ പച്ചക്കറികൾക്ക് വേണ്ടി മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വരവ് കാത്തിരിക്കുന്ന അവസ്ഥയെകുറിച്ചു നമ്മൾ ഖേദിക്കാറുണ്ട്. എന്നാൽ ഇപ്പോഴും കേരളത്തിന്റെ ജനസംഖ്യയിൽ മൂന്നിൽ രണ്ടു പേര് ജീവിത മാർഗ്ഗത്തിനായി ആശ്രയിക്കുന്നത് കൃഷിയെയാണ്. സംസ്ഥാനത്തിന്റെ ജിഡിപിയുടെ നാലിലൊന്ന് സംഭാവന ചെയ്യുന്നതും കൃഷിയും അനുബന്ധ മേഖലകളുമാണ്. ഒരു ഹെക്ടറിൽ നിന്നും ഏറ്റവും കൂടുതൽ വരുമാന

മുണ്ടാക്കുന്നതിൽ കേരളമാണ് മറ്റു സംസ്ഥാനങ്ങളേക്കാൾ മുന്നിൽ. നമ്മുടെ ഉത്പന്നങ്ങൾക്ക് കമ്പോളത്തിലും കയറ്റുമതിയിലും ഗുണമേന്മയുള്ളത് എന്ന അംഗീകാരവുമുണ്ട്. എന്നാൽ കൃഷി ചെയ്യുന്നതിൽ ബഹുഭൂരിപക്ഷവും 5 സെന്റിനും 25 സെന്റിനും ഇടയിലുള്ളവരാണ്. അതിന്റെ അർത്ഥം നല്ല നിലയിലുള്ള പിന്തുണയില്ലെങ്കിൽ കൃഷിയിൽ തുടരാൻ ബുദ്ധിമുട്ടുന്നവരാണ് ഏറിയ പങ്കും എന്നാണ്.

കൃഷിയോഗ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്, കൃഷിയിൽ നിന്നുള്ള വരുമാനത്തിലെ അനിശ്ചിതത്വം, വിപണന സംവിധാനങ്ങളുടെ അപര്യാപ്തത തുടങ്ങി നിരവധി കാരണങ്ങൾ കൃഷിക്കാരെ കൃഷിയിൽ നിന്നും അകറ്റിയിട്ടുണ്ട്. കേരളത്തിലെ മൊത്തം ഭൂമിയുടെ 53% ത്തിൽ മാത്രമാണ് കൃഷി ചെയ്യുന്നത്. അതിൽ തന്നെ 12% മാത്രമാണ് ഭക്ഷ്യവിളകൾ. കേരളത്തിൽ നമുക്കാവശ്യമുള്ള പച്ചക്കറി വർഷത്തിൽ 20.78 ലക്ഷം ടൺ ആണ്. എന്നാൽ ഇപ്പോഴത്തെ നമ്മുടെ ആഭ്യന്തര പച്ചക്കറി ഉത്പാദനം 13.55 ലക്ഷം ടൺ ആണ്. അതായത് 7.23 ലക്ഷം ടണ്ണിന്റെ വിടവ് നമ്മുടെ പച്ചക്കറി ഉത്പാദനത്തിലും ഉപഭോഗത്തിലും ഉണ്ട്. ഇത് നമ്മൾ മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നികത്തുന്നത്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറിയിൽ അമിതമായ കീടനാശിനി ഉപയോഗിക്കുന്നതിന്റെ ഫലമായി വിഷമയമാകുന്നതിന്റെ ഗുരുതര പ്രശ്നങ്ങളും നമ്മൾ നേരിടുകയാണ്.

എന്നാൽ പ്രതീക്ഷ നൽകുന്ന കാര്യം കഴിഞ്ഞ നാലഞ്ചു വർഷങ്ങളിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി ഏതാണ്ടിരട്ടിയായി വർദ്ധിച്ചിരിക്കുന്നു എന്നതാണ് (2011 ൽ 42477 ഹെക്ടർ, 2015 ൽ 90533 ഹെക്ടർ ആയി വർദ്ധിച്ചു).

അതിർത്തി കടന്നെത്തുന്ന ലോറികളില്ലെങ്കിൽ ചന്തകളിലെ പച്ചക്കറിത്തട്ടുകൾ ശൂന്യമാകുന്ന അപമാനകരമായ അവസ്ഥയെ അതിജീവിക്കാനുള്ള ധീരമായ ശ്രമം കേരളത്തിലെ കൃഷിക്കാരും തദ്ദേശ ഭരണ സ്ഥാപനങ്ങളും രാഷ്ട്രീയ സാമൂഹ്യ സംഘടനകളും എല്ലാം ചേർന്നു ഇന്ന് നടത്തുന്നുണ്ട് എന്നത് ആശ്വാസം നൽകുന്നതാണ്. എന്നാൽ ഈ ശ്രമങ്ങളെ സ്ഥായിയാക്കിക്കൊണ്ടും കൂടുതൽ ഭൂമിയിലേക്ക് വ്യാപിപ്പിച്ചു കൊണ്ടും ഭക്ഷ്യ ലഭ്യതയുടെ കാര്യത്തിൽ കൂടുതൽ നേട്ടങ്ങൾ സംസ്ഥാനം കൈവരിക്കണം. കേരളത്തിന്റെ ഭക്ഷ്യസുരക്ഷ മുൻനിർത്തി തന്നെ ഭക്ഷ്യവിളകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ട ഘട്ടമാണിത്. വിഷമില്ലാത്ത പച്ചക്കറികൾ ലഭ്യമാക്കാൻ പറ്റുന്ന തരത്തിൽ



ജൈവ പച്ചക്കറി വ്യാപിപ്പിക്കണം. നെല്ലിന്റെ ഉത്പാദനം വർദ്ധിപ്പിക്കണം. ഇതിനെല്ലാം പറ്റുന്ന തര ത്തിൽ കൃഷി വികസനത്തിന് അനുഗുണമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. കേരളത്തിലെ 70 ലക്ഷത്തിലധികം വരുന്ന വീടുകളിൽ ഓരോ വീട്ടിലും കുറഞ്ഞത് ഒരു പച്ചക്കറിയെങ്കിലും ഉത്പാദിപ്പിക്കാൻ കഴിഞ്ഞാൽ സമൂഹത്തിനു വേണ്ടിയുള്ള മഹത്തായ കരുതലും സ്നേഹവുമായി അത് മാറും.

ഇതിനായി പരമാവധി തരിശുഭൂമി കൃഷി യോഗ്യമാക്കിക്കൊണ്ട് ഭക്ഷ്യവിളകളുടെ വിസ്തൃതി ഇനിയും വർദ്ധിപ്പിക്കണം. ജൈവകൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ട് നമുക്കാവശ്യമുള്ള പച്ചക്കറികളുടെ കുറഞ്ഞത് അമ്പതു ശതമാനമെങ്കിലും ജൈവ കൃഷിരീതിയിൽ ഉത്പാദിപ്പിക്കാൻ കഴിയണം. പ്രാദേശിക സവിശേഷതകൾ കണക്കിലെടുത്ത് കൊണ്ടും കാലാവസ്ഥയ്ക്ക് അനുയോജ്യമായിട്ടുള്ള സംയോജിത കൃഷിരീതികൾ പ്രോൽസാഹിപ്പിക്കണം. കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘകൃഷി, ഭക്ഷ്യവിളകളിൽ വ്യത്യസ്ത പരീക്ഷണങ്ങൾ നടത്തുന്ന കൃഷിക്കാർ, അടുക്കളത്തോട്ടങ്ങൾ, സ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിലുള്ള പച്ചക്കറിത്തോട്ടങ്ങൾ എന്നിങ്ങനെ ഭക്ഷ്യ വിളകളുടെ ഉത്പാദനം പരമാവധിയാക്കുന്നതിനുള്ള പരിശ്രമമാണ് ഇന്ന് കേരളത്തിൽ നടക്കേണ്ടത്. ഓരോ വീട്ടിലും ഒരു പച്ചക്കറിയെങ്കിലും നട്ടുവളർത്തും

എന്ന നിലയിലുള്ള മനോഭാവം വളർത്താൻ കഴിഞ്ഞാൽ കൃഷിയെക്കുറിച്ച് മാത്രമല്ല, ഭക്ഷണത്തെകുറിച്ചു കൂടിയുള്ള ആരോഗ്യകരമായ പാഠങ്ങൾ സമൂഹത്തിനു നൽകാൻ കഴിയും.

കേരളത്തിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വനസമ്പത്തിന്റെ സംരക്ഷണം കാടിന്റെ മാത്രമല്ല, കാടിനെ ആശ്രയിച്ചു ജീവിക്കുന്ന മനുഷ്യരുടെ കൂടി സംരക്ഷണവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ വനസമ്പത്തും ജൈവസമ്പത്തും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ കൂടി പങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയണം. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഗുരുതര പ്രത്യാഘാതങ്ങൾ നേരിടാൻ കഴിയുന്നതിനുള്ള പ്രതിരോധ നടപടികൾക്ക് വിദഗ്ധരുടെ സഹായത്തോടെ രൂപം നലകണം. മണ്ണിന്റെയും ജലത്തിന്റെയും വായുവിന്റെയും ജീവൻ വീണ്ടെടുക്കാൻ സഹായകരമായ തരത്തിൽ സോഷ്യൽ ഫോറസ്ട്രിയുടെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ മരങ്ങൾ വെച്ച് പിടിപ്പിക്കാൻ കഴിയും. മലിനീകരണം സൃഷ്ടിക്കുന്നതിൽ വിനോദസഞ്ചാര മേഖലയ്ക്കു പങ്കുണ്ട് എന്ന് പറയുമ്പോൾ തന്നെ മലിനീകരണം കൊണ്ട് തിരിച്ചടി നേരിടുന്നതും ഈ മേഖലയാണ് എന്നതാണ് വാസ്തവം. പ്രാദേശികമായ സഹകരണത്തോടെ വിനോദസഞ്ചാര കേന്ദ്രങ്ങൾ എങ്ങനെ ശുചിത്വമുള്ളതും ആകർഷകവുമാക്കാം എന്നതും ഒരു വെല്ലുവിളിയാണ്. പരിസ്ഥിതി സൗഹൃദപരമായ ഉത്തരവാദിത്ത ടൂറിസത്തിലേക്ക് നമ്മുടെ വിനോദസഞ്ചാര മേഖലയെ കൊണ്ടുവരേണ്ടതുണ്ട്. വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപിച്ചുള്ള പ്രവർത്തനം ഇതിനാവശ്യമാണ്.

# ഹരിതകേരളം മിഷൻ പ്രവർത്തനരീതി

മാലിന്യ സംസ്കരണവും ജലസംരക്ഷണവും കൃഷി വികസനവും ഇപ്പോൾ തന്നെ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും വ്യക്തികളും മറ്റു സംഘടനകളും ഒക്കെ നടത്തുന്നതല്ലേ, പിന്നെ എന്തിനാണ് ഒരു മിഷൻ എന്ന ചോദ്യം പ്രസക്തമാണ്. ഹരിത കേരളം മിഷൻ നിലവിലുള്ള ഭരണ സംവിധാനങ്ങൾക്കോ  പ്രവർത്തനങ്ങൾക്കോ പകരമുള്ളതല്ല. ഹരിത കേരളം സൃഷ്ടിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇത് നേടുന്നതിനായി പ്രവർത്തിക്കാൻ പ്രധാനമായും ചുമതലപ്പെട്ടവർ വകുപ്പുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളും തന്നെയാണ്. എന്നാൽ ലക്ഷ്യം നേടുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ പിന്തുണ ഉറപ്പാക്കുകയും ചെയ്യുക എന്ന ധർമ്മമായിരിക്കും ഹരിത കേരളം മിഷൻ നിർവഹിക്കുക. മൂന്നു കാര്യങ്ങളിലായിരിക്കും ഹരിത കേരളം മിഷൻ ഊന്നൽ നൽകുക, ഒന്ന്; ഓരോ ജില്ലയിലെയും മുഖ്യപ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ പറ്റുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും വകുപ്പുകളും തമ്മിലുള്ള വിവിധ തട്ട് ഏകോപനത്തിനാവശ്യമായ രീതി സംവിധാനങ്ങൾ വികസിപ്പിക്കുക, രണ്ട്; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും ശാസ്ത്രീയവും പ്രായോഗികവും കാര്യക്ഷമവുമായ സാങ്കേതിക സംവിധാനങ്ങൾ സ്വായത്തമാക്കാൻ കഴിയുന്നതിനുള്ള



സാങ്കേതിക ഉപദേശം ഉറപ്പാക്കുക, ആവശ്യമായ ശേഷി വികസന പ്രവർത്തനങ്ങൾ ലഭ്യമാക്കുക, മൂന്ന്; ഹരിത കേരളം സൃഷ്ടിക്കുന്നതിനുള്ള വിപുലമായ ജനകീയ യജ്ഞത്തിൽ സമൂഹത്തെയാകെ പങ്കെടുപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രചാരണ പ്രോത്സാഹന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

അധികാര വികേന്ദ്രീകരണത്തിന്റെ രണ്ടു ദശകം കേരളം പിന്നിട്ടു. എന്തെല്ലാം പരിമിതികളുണ്ടെങ്കിലും വലിയൊരളവു വരെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായി കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാറിയെന്നതിൽ സംശയമില്ല. എന്നാൽ ഇപ്പോഴും വികേന്ദ്രീകൃതാസൂത്രണത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ നേരിടുന്ന ഒരു വെല്ലുവിളി വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തമ്മിൽ, വകുപ്പുകളുടെ പദ്ധതികൾ തമ്മിൽ ഒക്കെ ഉണ്ടാകേണ്ട ഫലപ്രദമായ ഏകോപനത്തിന്റെ അഭാവമാണ്. താഴെത്തട്ടിലാണ് ഏകോപനത്തിന്റെ അഭാവം ഏറെ പ്രയാസങ്ങളുണ്ടാക്കുന്നത്. ഫലപ്രദമായ ഏകോപനത്തിനുള്ള സാധ്യതകൾ ഉപയോഗിക്കാൻ കഴിഞ്ഞാൽ വികസനത്തിന്റെ നേട്ടങ്ങൾ പരമാവധിയാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും.

ഉത്പാദന മേഖലയിൽ ഫലപ്രദമായ ഏകോപനം ഉറപ്പാക്കിക്കൊണ്ട് സ്ഥായിയായ വികസന നേട്ടങ്ങൾ സൃഷ്ടിക്കുക എന്ന അടിയന്തര



ആവശ്യത്തെ അഭിസംബോധന ചെയ്യുന്നതിനുള്ള ഉത്തരവാദിത്വമാണ് ഹരിതകേരളം മിഷൻ നിർവഹിക്കുക. മാലിന്യ സംസ്കരണത്തിലൂടെ സൃഷ്ടിക്കുന്ന ജൈവ വളവും ജൈവകൃഷിയും കൃഷിക്കനുയോജ്യ മായ തരത്തിലുള്ള ജലസംരക്ഷണവും ഏകോപിപ്പിക്കാൻ കഴിയണം. കാലാവസ്ഥാ മാറ്റത്തിന്റെ പ്രത്യാഘാതങ്ങൾക്കനുസൃതമായ തരത്തിൽ മാറ്റങ്ങളെ നേരിടാൻ പറ്റുന്ന നടപടികൾ സ്വീകരിക്കാൻ കർഷകരെ യും ഈ രംഗത്ത് പ്രവർത്തിക്കുന്നവരെയും സജ്ജരാക്കണം. കേര ളത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളുടെയും വിദഗ് ദ്ധരുടെയും പിന്തുണ ഇതിനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഹരിത കേരളം മിഷൻ സ്വീകരിക്കും.

സംസ്ഥാനം കൈവരിക്കേണ്ട വികസന ലക്ഷ്യത്തിനു സർക്കാരും മിഷനും ചേർന്ന് രൂപം നൽകുമ്പോഴും ഇത് പ്രായോഗികമായി ആസൂ ത്രണം ചെയ്തു നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാ ലാടിസ്ഥാനത്തിലും ഉള്ള പദ്ധതികൾക്ക് രൂപം നൽകാൻ ഈ രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്ഥാപനങ്ങളുടെയും വിദഗ് ധരുടെയും സഹായം ലഭ്യമാക്കുന്നതിനു മിഷൻ മുൻകയ്യെടുക്കും. ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനതലം മുതൽ താഴേക്കു ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും മിഷനുകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

മിഷനുകളെ സഹായിക്കാൻ ബന്ധപ്പെട്ട മേഖലകളിലെ ഉദ്യോഗസ്ഥരും വിദഗ്ദ്ധരും അടങ്ങുന്ന കർമ്മസേനകൾ (task force) ഉണ്ടാകും. സംസ്ഥാന തലം മുതൽ താഴേത്തട്ട് വരെ പ്രശ്നങ്ങൾ പഠിച്ചുകൊണ്ട് ഹരിത കേരളം എന്ന ലക്ഷ്യം നേടുന്നതിനു ഓരോ പ്രദേശത്തിനും അനുയോജ്യമായ ഇടപെടൽ രീതികൾ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പിന്തുണയാണ് കർമ്മസേനകൾ നൽകുക.

നമ്മുടെ പ്രകൃതി സമ്പത്തിന്റെ സുസ്ഥിരമായ വികസനം ഉറപ്പാക്കിക്കൊണ്ട് കേരളത്തിന്റെ പരിസ്ഥിതിയുടെ സമനില വീണ്ടെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന സമാന മനസ്കരായ വ്യക്തികളുടെയും സംഘടനകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ചുള്ള വിശദമായ പരിശോധനയ്ക്കു ഹരിത കേരളം മിഷൻ നേതൃത്വം നല്കും. അധികാര വികേന്ദ്രീകരണം കേരളത്തിനു നൽകിയ ഏറ്റവും നല്ല പാഠം വികസനത്തിലെ അർത്ഥ പൂർണമായ ജനപങ്കാളിത്തത്തിന്റേതാണ്. ഹരിത കേരളം മിഷൻ സംസ്ഥാന തലം മുതൽ തദ്ദേശ ഭരണ തലം വരെ ഊന്നൽ നൽകുക സമൂഹത്തെ മുഴുവൻ പങ്കാളികളാക്കിക്കൊണ്ട് വർത്തമാനകാല വികസന പ്രതിസന്ധികളെ നേരിടുക എന്നതിലായിരിക്കും. മാലിന്യ സംസ്കരണവും ജലസംരക്ഷണവും കൃഷിയുടെ വ്യാപനവും കേരളത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയുടെയും ചിന്തയും പ്രവൃത്തിയും ആയി മാറ്റുക എന്ന വലിയ ലക്ഷ്യമാണ് ഹരിത കേരളം മിഷൻ മുന്നോട്ടു വെയ്ക്കുന്നത്.

# ഹരിത കേരളം മിഷൻ
# ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

- കേരളത്തെ കൂടുതൽ ഹരിതാഭവും ശുചിത്വ പൂർണ്ണവും ആക്കി മാറ്റുന്നതിലൂടെ കേരളത്തിന്റെ പ്രകൃതിയെയും മനുഷ്യ ജീവിതത്തെയും സംരക്ഷിക്കുന്നതിനുള്ള വിപുലമായ ജനകീയ യജ്ഞമായിരിക്കും ഹരിതകേരളം മിഷൻ.
- കേരളത്തിന്റെ പ്രകൃതി സമ്പത്ത് വീണ്ടെടുക്കുക എന്നത് പരിസ്ഥിതി സംരക്ഷണവും ഉത്പ്പാദനക്ഷമത വർധിപ്പിക്കലും ജീവിതഗുണനിലവാരം മെച്ചപ്പെടുത്തലും ഒക്കെയായി ബന്ധപ്പെട്ടിരിക്കുന്നതാണ്. ഇതിനു വേണ്ടിയുള്ള സമഗ്ര കാഴ്ച്ചപ്പാടോടെയുള്ള ഇടപെടലാണ് ഹരിത കേരളം മിഷൻ.
- ശുദ്ധമായ മണ്ണ്, ശുദ്ധമായ ഭക്ഷണം, ശുദ്ധമായ വായുവും ജലവും എന്ന ലക്ഷ്യത്തിനു വേണ്ടി സമൂഹത്തെ ഒന്നാകെ കണ്ണി ചേർക്കുന്നതിനാണ് മിഷൻ പരിശ്രമിക്കുക.
- കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനു കേരളത്തെ പ്രാപ്തമാക്കുന്നതിനു പിന്തുണാ സംവിധാനമായി പ്രവർത്തിക്കുക.
- 'പച്ചയിലൂടെ വൃത്തിയിലേക്ക്' എന്ന സന്ദേശമുയർത്തിക്കൊണ്ട് കേരളത്തെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റുന്നതിനും മണ്ണും ജലവും ജൈവവൈവിദ്ധ്യവും സംരക്ഷിച്ചു കൊണ്ട് സംസ്ഥാ

നത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനാവശ്യ മായ പദ്ധതികൾ ജനപങ്കാളിത്തത്തോടെ രൂപം നൽകുന്നതിനും നടപ്പാക്കുന്നതിനുമുള്ള പിന്തുണാ സംവിധാനമായിരിക്കും ഹരിത കേരളം മിഷൻ.

- പരസ്പര പൂരകങ്ങളായ ശുചിത്വം മാലിന്യസംസ്കരണം, കാർ ഷിക വികസനം, ജലവിഭവം എന്നീ മൂന്നു മേഖലകളുടെ സമന്വയ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തി പുതിയ വികസന കാഴ്ചപ്പാട് സൃഷ്ടിക്കുകയാണ് ഹരിത കേരളം മിഷന്റെ ലക്ഷ്യം. ഈ മേഖലകളിൽ നിലവിലുള്ള വിവിധ വകുപ്പുകളുടെയും മിഷ നുകളുടെയും പദ്ധതികളുടെയും ശേഷികളെയും പരിപാടികളെയും തദ്ദേശഭരണ തലത്തിൽ സംയോജിപ്പിക്കുന്നതും ഏകോപിപ്പിക്കു ന്നതുമായിരിക്കും മിഷന്റെ പ്രവർത്തനം.

## ലക്ഷ്യങ്ങൾ

- ശാസ്ത്രീയവും ഓരോ പ്രദേശത്തിനും അനുയോജ്യവുമായിട്ടുള്ള മാലിന്യസംസ്കരണ പദ്ധതികൾ സ്വീകരിച്ചു കൊണ്ട് മാലിന്യ പരി പാലനത്തിന്റെ സംസ്കാരം സമൂഹത്തിൽ വളർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക; ഇതിനായി വിപുലമായ ജനകീയ ക്യാമ്പയിന് രൂപം നൽകുക.



- സങ്കീർണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം ലഭ്യമാക്കുക.
- ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെയുള്ള വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ആവശ്യമുള്ള പാരിസ്ഥിതിക പുന:സ്ഥാപന പ്രവൃത്തികൾ കണ്ടെത്തി നിർവഹിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തമാക്കുക.
- സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്ന ആകെ മാലിന്യത്തിന്റെ അളവ്, വിവിധ മാലിന്യങ്ങളുടെ വർധനവ്, മാലിന്യത്തിന്റെ അളവ് വർദ്ധിക്കുന്നതിനു കാരണമായ ഘടകങ്ങൾ എന്നിവ സംബന്ധിച്ചു വിവിധ സംവിധാനങ്ങളുടെ സഹായത്തോടെ സമഗ്രമായ വിലയിരുത്തൽ നടത്തിക്കൊണ്ടു മാലിന്യ സംസ്കരണത്തിനുള്ള നയങ്ങൾക്ക് രൂപം നൽകുക.
- പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉത്പന്നങ്ങളിലും സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെട ലുകൾക്ക് പ്രേരണയും സഹായവും നൽകുക.
- വിഷമയമായ പച്ചക്കറിയിൽ നിന്നും ജനങ്ങളെ മോചിപ്പിക്കു ന്നതിനും സംസ്ഥാനത്തിന് പച്ചക്കറിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ജൈവപച്ചക്കറിയിൽ ഊന്നിക്കൊണ്ടുള്ള ജനകീയ ക്യാമ്പെയിൻ ആരംഭിക്കുക.
- നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രോത്സാഹന നടപടികൾ സ്വീകരിക്കും. കൃഷിക്കാർക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം, യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പിന്തുണ, സംഭരണ വിപണന സംവിധാനങ്ങൾ എന്നിവ കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മുൻകയ്യിൽ നടപ്പാക്കുക.
- രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ചു പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ (safe to eat) ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
- പുതിയൊരു ജലസംരക്ഷണ ജലവിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക.
- നിലവിലുള്ള ജലസ്രോതസുകളുടെ നവീകരണവും ശുദ്ധീകര

ണവും ഉറപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക.

- മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ സംയോജിത നീർത്തട അടിസ്ഥാനത്തിൽ ആസൂത്രണം നിർവഹണം നടത്തി ജല ലഭ്യതയും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിക്കുക.
- ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പാക്കുന്നതിന് വേണ്ട സഹായം ലഭ്യമാക്കുക.
- പരിസ്ഥിതി കൃഷി ജലം വനം തുടങ്ങി ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണ പഠനങ്ങൾ നടത്തുന്ന സംസ്ഥാനത്തെ എല്ലാ ഗവേഷണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.
- കേരളത്തിന്റെ കുറഞ്ഞുകൊണ്ടിരിക്കുന്ന വനസമ്പത്തും ജൈവ വൈവിദ്ധ്യവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ വനംവകുപ്പിന്റെയും ബന്ധപ്പെട്ട മേഖലയിലെ സംഘടനകളുടെയും നേതൃത്വത്തിൽ സ്വീകരിക്കുക.
- കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കാവുന്ന പരിസ്ഥിതി പ്രത്യാഘാതങ്ങളുടെ രൂക്ഷത കുറയ്ക്കുന്നതിനായുള്ള നടപടികൾക്ക് ഈ രംഗത്തെ വിദഗ്ദ്ധരുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും പിന്തുണയോടെ രൂപം നൽകുക.

## പ്രവർത്തനങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വാഭാവികശേഷി പരിഗണിച്ചുകൊണ്ടുള്ള സുസ്ഥിര വികസന മാതൃക സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും സഹായം ലഭ്യമാക്കൽ.
- ശുചിത്വം മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും അനുയോജ്യമായ സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- ശുചിത്വ മാലിന്യസംസ്കരണ മേഖലയിലും കാർഷിക മൃഗസംരക്ഷണ മേഖലയിലും ജലവിഭവ മേഖലയിലും പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സാങ്കേതിക പ്രാപ്തിയും

സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

- സംസ്ഥാനത്താകെ ഉല്പാദിപ്പിക്കപ്പെടുന്ന വിവിധ തരം മാലിന്യങ്ങൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കൽ; എല്ലാ തരത്തിലുമുള്ള മാലിന്യം കൈകാര്യം ചെയ്യാനുള്ള സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ശേഷിയെ കുറിച്ചും സംവിധാനങ്ങളെ കുറിച്ചും പഠനം സാധ്യമാക്കൽ.
